For Private Circulation Only

September 2019

ആഗമനാരുണൻ

Vol.66

“ പെന്തെക്കോസ്തു നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു.....മുഴുവനും നിറച്ചു ”· (അ.പ്ര. 2:1)

No.9

സഭയ്ക്കു പെന്തിക്കോസ്തിന്റെ ശക്തിയുള്ള ഒരു പുതുക്കം ആവശ്യമായിരിക്കുന്നു.

By James A. Stewart

ലോകത്തെമ്പാടുമുള്ള ദൈവജനത്തിന്റെ യഥാർത്ഥ ആത്മിക നിലവാരത്തെക്കുറിച്ച് ഒരു ശരിയായ വിവരണം പറയുവാൻ സാദ്ധ്യമല്ല. ചില അടയാളങ്ങളെ നമുക്കു കാണാം. ക്രിസ്തീയ ജീവിതത്തിന്റെ ശക്തിമത്തായ, തിളക്കമുള്ള അതിശ്രേഷ്ഠമായ ഒരു കാലഘട്ടത്തിലല്ല നാം ജീവിക്കുന്നത് എന്ന് യാതൊരു ആത്മീയ നേതാവും എന്നോടൊപ്പം സമ്മതിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു.

ഭൂരിപക്ഷം വിശ്വാസികളും സാധാരണ ക്രിസ്തീയ ജീവിതത്തിലും താണ നിലവാരത്തിലാണ് ജീവിക്കുന്നത്. ക്രിസ്തീയ ജീവിതത്തിന്റെ പുതിയ നിയമ സ്വഭാവമായ, അളവറ്റ ദൈവശക്തി, ദൈവ മഹത്വം, പറഞ്ഞറിയിക്കാൻ കഴിയാത്ത സമാധാനം, ഇവയൊന്നും അവരുടെ ജീവിതത്തിലില്ല. ഇന്നത്തെ ക്രിസ്തീയ അനുഭവങ്ങൾ ആഴമുള്ളതോ തീവ്രമായതോ, സ്വന്തം ജീവിതത്തിൽ ഉള്ള ആവശ്യങ്ങളിൽ നേരിടുവാൻ തക്ക വണ്ണം മതിയായതല്ല, ലോകത്തിനൊത്ത് ഒഴുകുന്ന നിലവാരം.

സഭ ഉണരണം

സഭ മറ്റുള്ളവരെ രക്ഷിക്കാൻ തക്കവണ്ണം രക്ഷിക്കപ്പെടേണ്ടതാണ്. കഴിഞ്ഞ ഏതൊരു കാലത്തിലുമുള്ള ശരിയായ ഉണർവ്വു പ്രസ്ഥാനങ്ങൾ ആ നിയമം ഏറ്റെടുത്തിരുന്നു. സഭയുടെ കൈവശമില്ലാത്തതൊന്നും മറ്റുള്ളവർക്കു കൊടുക്കുവാൻ കഴിയുന്നതല്ല. അകത്ത് ഉള്ളതിനനുസരിച്ചാണ് പുറത്തു പോകുന്നത്. അപ്പോസ്തലിക കാലത്തെ സഭ അങ്ങനെ ശക്തിയുള്ളതായിരുന്നു.

വലിയ പള്ളിയിലും, കൺവെൻഷനിലും, ധാരാളം പണം ചെലവഴിച്ച് പള്ളിയുടെ പേര് വിപുലമാക്കുന്നതിലും സന്തോഷിച്ച്, .യഥാർത്ഥ ആത്മിക നിലവാരത്തിന് ഒരു പുകമറ ഉണ്ടാക്കിവച്ചിരിക്കുകയാണ് ഇന്നത്തെ സഭ. അങ്ങനെയുള്ള മഹത്വത്തിന്റെ മറവിൽ മതിമറന്നിരിക്കുകയാണ് ഇന്നത്തെ ആത്മിക നേതാക്കന്മാരും. ആത്മാവിന്റെ ശബ്ദത്തെക്കാളുപരി യന്ത്രസാമഗ്രികളുടെ ശബ്ദം മുന്നിട്ടു നിൽക്കുന്നു. ആളുകളുടെയും പ്രസ്ഥാനങ്ങളുടെയും മഹത്വം വീണ്ടെടുപ്പുകാരന്റേതിലും ഉയർന്നിരിക്കുന്നു.

നമ്മുടെ ജീവിതവും അദ്ധ്വാനവും വളരെ കുറഞ്ഞിരിക്കുന്നു. പെന്തെക്കോസ്തിന്റെ ഉണർവ്വ് എന്നത് വലുതും സുവിശേഷത്തിൽ അധിഷ്ഠിതവുമാണ്. പത്രോസിന്റെയും അപ്പോസ്തലന്മാരുടെയും പ്രസംഗത്തിന്റെ വലിയ പരസ്യമായ പദ്ധതികൾ ആ കാലത്തുണ്ടായിരുന്നില്ല. വ്യക്തമായും ശക്തമായും ഉള്ള ഉണർവ്വിന് പിന്നിലുണ്ടായിരുന്നത് പരിശുദ്ധാത്മാവിന്റെ ശക്തിക്കു വേണ്ടിയുള്ള കാത്തിരിപ്പായിരുന്നു. അതിന്റെ പരിണതഫലം അപ്പോസ്തല പ്രവർത്തി 2:41-ൽ കാണുന്നു, “അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനമേറ്റു; അന്ന് മൂവായിരത്തോളം പേർ അവരോട് ചേർന്നു”. ഹല്ലേലൂയ്യാ! ദൈവത്തിന്റെ അഗ്നി ഇറങ്ങി!

യെശയ്യാ പ്രവാചകന്റെ പുസ്തകം 52:1,2, വാക്യങ്ങളിൽ നിന്നനം കാഹളനാദം പോലൊരു ശബ്ദം കേൾക്കുന്നു, “ സീയോനേ ഉണരുക, ഉണരുക; നിന്റെ ബലം ധരിച്ചുകൊൾക; വിശുദ്ധനഗരമായ യരുശലേമേ നിന്റെ അലങ്കാര വസ്ത്രം ധരിച്ചുകൊൾക; ഇനിമേലാൽ അഗ്രചർമ്മിയും അശുദ്ധനും നിന്നിലേയക്ക് വരികയില്ല. പൊടി കുടഞ്ഞുകളക, യരുശലേമേ എഴുന്നേറ്റ് ഇരിക്കുക, ബദ്ധയായ സീയോൻ പുത്രീ നിന്റെ കഴുത്തിലെ ബന്ധനങ്ങളെ അഴിച്ചു കളക”.

സഭ ഉറങ്ങുന്ന സമയമാണിന്ന്. കൊടുങ്കാറ്റിൽ ഉറങ്ങുന്ന യോനയാണ്. ഗത്സമനയിൽ ഉറങ്ങുന്ന ശിഷ്യൻമാരാണ്. ഇന്നത്തെ ഏറ്റവും വലിയ ആവശ്യം കാഹളക്കാരെയാണ്.

വിളിച്ചു ശാസിക്ക, യരുശലേമേ, വിശുദ്ധനഗരമേ! ബദ്ധയായ സീയോൻ പുത്രീ! ഉണരുക, വസ്ത്രം ധരിക്ക, നിന്നെത്തന്നെ ശുദ്ധീകരിക്ക, തട്ടിയുണർത്തുക എഴുന്നേൽക്കുക. എത്രഭീകരമായ അവസ്ഥ. ദൈവത്തെ ബഹുമാനിക്കുന്നില്ല! ബദ്ധയായ സീയോൻ പുത്രീ എത്ര വൈരുദ്ധ്യം! സഭ ദൈവത്തിൽ നിന്നും അകന്നുപോയി. അതുകൊണ്ട് അവൾ അടിമത്വത്തിലായിരിക്കുന്നു. സഭയുടെ പാപം, അവൾ ലോകമയത്തിലായിരിക്കുന്നു കുടഞ്ഞെഴുന്നേൽക്ക.

പഴയശേഷിപ്പ് യഹോവയോട് നിലവിളിച്ചു, യഹോവയുടെ ഭുജമേ ഉണരുക, ശക്തിധരിച്ചുകൊൾക; പൂർവ്വകാലത്തു പണ്ടത്തെ തലമുറകളിലും എന്നപോലെ ഉണരുക (യെശ. 52:1).

ഈ ദൈവം ഉറങ്ങുന്ന ദൈവമല്ല, എന്നാൽ തന്റെ ജനം ഉറങ്ങുന്നു. നാം അനുതപിച്ചു ദൈവത്തോടൊപ്പം നല്ലത് മുറുകെപിടിക്കണം. നമ്മെത്തന്നെ താഴ്ത്തി രട്ടിലും വെണ്ണീരിലും ഇരിക്കണം. സീയോനേ, നിന്റെ ബലം ധരിച്ചുകൊൾക. ചിലത് ഉപേക്ഷിക്കുന്നതിലാണ് നമ്മുടെ ബലം. ശക്തിയുടെ വസ്ത്രം പെന്തിക്കോസ്തിന്റെ വാതിലിൽ തൂക്കിയിരിക്കുന്നു (അപ്പോ. 1:8). നാം ഉപേക്ഷിക്കുന്നിടത്താണ് ശക്തി. ദൈവത്തിന്റെ ക്രമം നാം വായിക്കുന്നു. എന്നാൽ നാം അതിൽ പരാജയപ്പെടുന്നു.

“എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്തുകൾ പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും ” (യോഹ. 7:38) നമ്മുടെ ഉറവിടങ്ങളെ

(ശേഷം 5-ാംപേജിൽ)

“ വിശ്വസിച്ചിട്ട് നിങ്ങൾ പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ? ” (അ.പ്ര. 19:1,2 കാണുക). ഹൃദയസ്പർശിയായ ഈ ചോദ്യത്തിനു ഓരോ വായനക്കാരനും ശ്രദ്ധ കൊടുക്കേണ്ടതാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നിറയുക എന്നതും പെന്തെക്കോസ്തിന്റെ സന്തോഷം എല്ലാവരും പ്രാപിക്ക എന്നതും നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ ഇഷ്ടമാണ്.

“ അവർ എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു ” (അ.പ്ര. 2:4).

എപ്പോഴൊക്കെ പരിശുദ്ധാത്മ നിറവിനെക്കുറിച്ച് സംസാരിക്കുമോ, പരിശുദ്ധാത്മാവ് എന്താണ് എന്ന് ചിന്തിക്കുമ്പോഴും നമ്മുടെ ചിന്ത എപ്പോഴും പെന്തെക്കോസ്തിലേയ്ക്കാണ് കടന്നു ചെല്ലുന്നത്. അത് എത്ര മഹത്വകരമായ അനുഭവമാണ്, പരിശുദ്ധാത്മാവിനാൽ ആ അനുഭവം ഇറങ്ങി ആളുകളുടെ ഹൃദയങ്ങളിൽ വസിക്കുന്നതാണ് നാം അവിടെ കാണുന്നത്.

പെന്തെക്കോസ്തു നാളിൽ നടന്ന സംഭവങ്ങളെക്കുറിച്ച് പഠിക്കുമ്പോൾ, കർത്താവിനോടുകൂടെ മൂന്നു വർഷത്തിലധികം നടന്നവർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. അവരുടെ ബലഹീനതകളും കുറവുകളും പാപങ്ങളും

പരിശുദ്ധാത്മാവിന്റെ മഹത്വകരമായ നിറവ്

By Andrew Murray (1828 - 1919)

വീഴ്ചകളും എല്ലാം തുറന്ന പുസ്തകമാണ്. എന്നാൽ പെന്തെക്കോസ്തിന്റെ അനുഭവങ്ങൾ കാര്യങ്ങളെയെല്ലാം വ്യത്യാസപ്പെടുത്തി. അവർ ആകെ വ്യത്യാസപ്പെട്ടു. “ പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതുതായിത്തീർന്നിരിക്കുന്നു ” (2 കൊരി. 5:17). അവയെക്കുറിച്ചുള്ള ആഴമായ പഠനവും ഉദാഹരണങ്ങളും പല നിലകളിൽ നമ്മെ സഹായിക്കുന്നു. ബലഹീനതകളും പാപവുമുള്ളവരുടെമേൽ എങ്ങനെ ആത്മാവു വരുന്നു എന്ന് അതു നമ്മെ പഠിപ്പിക്കുന്നു. അതു പഠിപ്പിക്കുന്നത് അവർ അനുഗ്രഹിക്കപ്പെടുവാൻ വേണ്ടി എത്ര മാത്രം ഒരുക്കപ്പെട്ടു എന്നതാണ്.

അതു വീണ്ടും നമ്മെ പഠിപ്പിക്കുന്നത്, ആ തത്വം നമ്മെ പഠിപ്പിക്കുന്നത്, എത്ര ശക്തവും പൂർണ്ണവുമായ മാറ്റമാണ് പരിശുദ്ധാത്മാവിന്റെ നിറവിൽ അവർക്ക് സംഭവിച്ചത്. പെന്തെക്കോസ്തിന്റെ അനുഗ്രഹത്തിനു വേണ്ടി നാം വാഞ്ഛിക്കുമ്പോൾ എത്ര വലിയ മഹത്വകരമായ അനുഗ്രഹങ്ങളാണ് നമ്മെ കാത്തിരിക്കുന്നത് എന്ന് നാം അറിയേണ്ടതാണ്.

കർത്താവായ യേശുക്രിസ്തുവിന്റെ നിരന്തരമായ സാന്നിദ്ധ്യവും വാസവും

പെന്തെക്കോസ്തു ജീവിതത്തിന്റെ ആദ്യത്തേതും തത്വപരവുമായ അനുഗ്രഹം ഇതിലുണ്ട്. ഭൂമിയിൽ കർത്താവ് തന്റെ ശിഷ്യന്മാരുമായുള്ള ഇടപാടുകളിൽ അവർക്ക് കഴിയാത്തതൊന്നും അവരെ പഠിപ്പിക്കയോ പരിശീലിപ്പിക്കയോ ചെയ്തില്ല. അവർ ആയിരുന്ന പശ്ചാത്തലങ്ങളിൽ തന്നെ അഥവാ അവർ എന്തായിരുന്നുവോ അവിടെ തന്നെ അവരെ ഒരുക്കുകയാണ്. തന്റെ വചനത്താലും സ്വാധീനത്താലും അവരെ ഒരുക്കുകയാണ് ചെയ്തത്. പെന്തെക്കോസ്തിന്റെ അനുഭവം അവരുടെ അവസ്ഥകളെയെല്ലാം പാടേ വ്യത്യാസപ്പെടുത്തി.

(ശേഷം 4-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വനന്ദനം.

“ യഹോവേ, ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും നീ അറിയുന്നു. എന്റെ നടപ്പും കിടപ്പും നീ ശോധന ചെയ്യുന്നു. ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ നീ അവിടെ ഉണ്ടു. പാതാളത്തിൽ എന്റെ കിടക്ക വിരിച്ചാൽ നീ അവിടെ ഉണ്ടു. നീ സമുദ്രത്തിന്റെ അറ്റത്തു ചെന്നു പാർത്താൽ അവിടെയും നിന്റെ കൈ എന്നെ നടത്തും; നിന്റെ വലങ്കൈ എന്നെ പിടിക്കും ” (സങ്കീ. 139:1-10) .

2019 -ാം വർഷത്തിന്റെ ആഗസ്റ്റ് മാസം നമ്മെ വിട്ട് കടന്നു പോയി. സെപ്റ്റംബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

ലോകത്തെയും അതിലുള്ളതിനെയും സ്നേഹിക്കരുത്. കർത്താവിനെ സ്നേഹിക്കുക. അപ്പോൾ നിങ്ങൾ ദൈവത്തിന്റെ മക്കൾ എന്ന് വിളിക്കപ്പെടും. ഉയരത്തിലുള്ള ദൈവസ്നേഹം അന്വേഷിക്കുക. എല്ലായ്പ്പോഴും ദൈവത്താൽ നിറയപ്പെടുന്ന ദിവ്യാനുഭവം പ്രാപിക്കുക. അപ്പോൾ ദൈവം നിങ്ങളുടെ കുടുംബ ജീവിതത്തെ മനോഹരമായി പണിയും. ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കും. തന്റെ സമൃദ്ധിയായ സ്നേഹത്താൽ ദൈവം നിങ്ങളെ ഓരോരുത്തരെയും നിറച്ച് അനുഗ്രഹങ്ങൾക്കുമേൽ അനുഗ്രഹങ്ങൾ നൽകും.

ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു. അതിനാൽ ലോകത്തെയും ലോകത്തിലുള്ളതിനെയും അന്വേഷിക്കരുത്. നിങ്ങൾ ദൈവവുമായി നല്ല ബന്ധമുള്ളവരായിരിക്കണം. നിങ്ങളുടെ ജീവിതത്തിൽ ദൈവം ധാരാളം അനുഗ്രഹങ്ങൾ നൽകും.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കഷ്ടതയെ എങ്ങനെ നേരിടാം

By JOswald J.Smith (1889- 1986)

ഹൃദയഭേദകമായ ഏറ്റുപറച്ചിലുകൾ കൊണ്ട് നിറഞ്ഞ അനേക കത്തുകൾ അടുത്തുനിന്നും അകലെ നിന്നും എനിക്ക് ലഭിച്ചിട്ടുണ്ട്. കണ്ണുനീർ വീണുകൊണ്ടിരിക്കുന്നു. കഷ്ടതകൾ നിറഞ്ഞിരിക്കുന്നതുകൊണ്ട് നിങ്ങളുടെ ജീവിതം വളരെ പരുക്കനായിരിക്കാം. നിങ്ങളുടെ പരീക്ഷകൾ വളരെയധികം, നിങ്ങളുടെ ഭാരങ്ങൾ വളരെ വലുതുമായിരിക്കാം.

പരീക്ഷിക്കപ്പെടുന്ന ജീവിതമേ, വേദനപ്പെടുന്ന ഹൃദയമേ, ശ്രദ്ധിക്കൂ! ദൈവം അറിയുന്നു. ദൈവം കരുതുന്നു. മാത്രമല്ല, “ നേരോടെ നടക്കുന്നവർക്ക് അവൻ ഒരു നന്മയും മുടക്കുകയില്ല” (സങ്കീ. 84:11). നമ്മുടെ കടമ എന്നത് ദൈവത്തിനായി ജീവിക്ക, എന്നതാണ്. അവിടുത്തേയ്ക്ക് നമ്മുടെ ജീവിതത്തിൽ ഒന്നാം സ്ഥാനം കൊടുക്കണം. അങ്ങനെ ചെയ്താൽ നന്മ ഒന്നും മുടക്കുകയില്ല എന്ന അനുഗ്രഹിക്കപ്പെട്ടവാഗ്ദത്തം നിങ്ങൾക്കുണ്ട്. നിങ്ങൾ ചിന്തിക്കുന്നതിനേക്കാൾ ശ്രേഷ്ഠമായൊരു പദ്ധതി നിങ്ങളെക്കുറിച്ച് ദൈവത്തിനുണ്ട്. നിങ്ങളെ ദൈവത്തിന് ഏറ്റവും ശ്രേഷ്ഠനാക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു.

ഓർക്കുക: ദൈവം ഏറ്റവും ബുദ്ധിമാനാണ്. അതുകൊണ്ട് എന്താണ് ഏറ്റവും ശ്രേഷ്ഠമായത് എന്ന് അവിടുന്ന് അറിയുന്നു. അവിടുന്ന് നമ്മെ ആഴമായി സ്നേഹിക്കുന്നു. അവിടുന്ന് ഏറ്റവും ശ്രേഷ്ഠമായതു ചെയ്യും, അവിടുന്ന് സ്നേഹവാനായതുകൊണ്ട് ഏറ്റവും ശ്രേഷ്ടമായതു ചെയ്യും നിശ്ചയമായും അവനിൽ നിങ്ങൾക്ക് ആശ്രയിക്കാം.

ഒരു പിതാവും എപ്പോഴും ഒരുപോലെ സ്നേഹിക്കുന്നില്ല. ഒരു ഭർത്താവും എപ്പോഴും ആഴമായി സ്നേഹിക്കുന്നില്ല. ഒരു നിമിഷം അവർ നമ്മെ മറന്നേയ്ക്കാം. “കുരികിൽ വീഴുന്നതു കാണുന്നവൻ തലയിലെ മുടിയെ എണ്ണിയിരിക്കുന്നവൻ, അവടുന്ന് പറയുന്നു, ഞാൻ നിങ്ങളെ കൈവിടുകയില്ല ഉപേക്ഷിക്കയുമില്ല ” (എബ്രാ. 13:5). ഒരിക്കലും അവിടുന്ന് നിത്യമായ സ്നേഹത്താൽ നമ്മെ സ്നേഹിക്കുന്നു.

നാം ആയിരിക്കുന്ന എല്ലാ പരീക്ഷകളിലും അവിടുന്ന് പരീക്ഷിക്കപ്പെട്ടവനാണ്. അതുകൊണ്ട് അവിടുത്തേയ്ക്ക് കരുണകാണിപ്പാൻ കഴിയും. വേദപുസ്തകം പറയുന്നത്, “അവരുടെ കഷ്ടതയിലൊക്കെയും അവൻ കഷ്ടപ്പെട്ടു ” (യെശ. 63:9). കഷ്ടത വരുമ്പോൾ നാം ഒറ്റയ്ക്കാകും എന്നും അവിടുന്ന് അറിയുന്നു. ശിഷ്യന്മാർ എല്ലാവരും തന്നെ വിട്ട് ഓടിപ്പോയി. തനിയെ ഗത്സമനെയിൽ പ്രാർത്ഥിച്ചു. തനിയെ കരഞ്ഞു. ആരും തന്നെ മനസ്സിലാക്കിയില്ല. ശൂശ്രൂഷയിൽ തന്റെ പ്രവൃത്തി അവൻ മരിക്കുമ്പോഴും ആരും കൂടെയുണ്ടായിരുന്നില്ല. സ്നേഹിതാ ഗത് സമനയെ ഓർക്കുക, കാൽവറിയെ ഓർക്കുക. നിങ്ങളുടെ കഷ്ടതയിലും ഏകാന്തതയിലും അവിടുത്തെ ധ്യാനിച്ചുകൊൾക.

ഒരു കാര്യം ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കട്ടെ, “എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെടുന്നവർക്ക് തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു ” എന്ന് നാം അറിയുന്നു. (റോമ. 8:28). അവർ ചെയ്യുവാൻ, സകവും കൈപ്പായ നിരാശയിൽ, സ്നേഹിക്കുന്നവർ നഷ്ടപ്പെടുമ്പോൾ, കഷ്ടതയിൽ സകസേര ഒഴിയുമ്പോൾ ഒഴിഞ്ഞ തൊട്ടിൽ, ജീവിതത്തിലെ ഏറ്റവും ദു:ഖകരമായ അനുഭവങ്ങളിൽ സകലവും ദൈവം കാണുന്നു, എല്ലാം നന്മയാക്കായി കൂടി വ്യാപരിക്കുന്നു. അല്ലെങ്കിൽ ദൈവത്തിന് പ്രവർത്തിപ്പാൻ കഴികയില്ല. ശാന്തമായി ദൈവത്തിൽ ആശ്രയിക്കൂ.

അവിടുത്തെ സ്നേഹം ഒരിക്കലും പരാജയപ്പെടുന്നില്ല. ഇന്നും എന്നേയ്ക്കും അനന്യൻ (എബ്രാ. 13:8). മനുഷ്യൻ പ്രവൃത്തികൾ അനിശ്ചിതമായമണ്. ദൈവ സ്നേഹം മാറുന്നില്ല അത് മാറ്റമില്ലാത്തതാണ്. അതെ, എത്ര സമ്പന്നവും അതിരുകളില്ലാത്തതുമത്രേ, ദൈവത്തിന്റെ സ്നേഹം! എത്ര വലുതാണ് തന്റെ സ്നേഹത്തിന്റെ ആഴം!

(ശേഷം 7-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

(2-ാംപേജിന്റെ തുടർച്ച)

പരിശുദ്ധാത്മാവിന്റെ മഹത്വകരമായ നിറവ്

പരിശുദ്ധാത്മാവിൽ അവിടുന്ന് നമ്മുടെ ഉള്ളത്തിൽ വന്നു, ക്രിസ്തു നമ്മിൽ വസിച്ചു, അവരുടെ ജീവിതത്തിന്റെ ഉറപ്പും ധൈര്യവുമായിത്തീർന്നു. അതാണ് തന്റെ വചനത്തിന്റെ വാഗ്ദത്തത്തിലൂടെ നാം കാണുന്നത്. “ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരും... ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും എന്ന് നിങ്ങൾ അന്ന് അറിയും” (യോഹ. 14:18,20).

മറ്റെല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടം ഇതാണ്, അത് പെന്തെക്കോസ്തു ദിവസത്തിൽ സംഭവിച്ചു. സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നു, ക്രൂശിക്കപ്പെട്ട മഹത്വീകരിക്കപ്പെട്ട യേശുക്രിസ്തു ആത്മാവിനാൽ അത്യന്തശക്തിയിൽ ഇറങ്ങി വന്നു, തന്റെ വാഗ്ദത്ത പ്രകാരം അവരിൽ എന്നേയ്ക്കും വസിക്കേണ്ടതിന് തന്നേ. അത് ഏറ്റം സന്തോഷകരവും, അത്യന്തം ശക്തിയുള്ളതും പൂർണ്ണമായും ദൈവീകവും ആയിരുന്നു. അവിടുന്ന് അകമേ വസിക്കുന്നതിനാൽ അവിടുത്തെ വാഗ്ദത്തം നമ്മിൽ യാഥാർത്ഥ്യമാവുന്നു. അവൻ ജഡത്തിൽ അവരോടൊപ്പം വസിച്ചു, അവരോടൊപ്പം ഭൂമിയിൽ ജീവിച്ചു ഇപ്പോൾ അവർ പരിശുദ്ധാത്മാവിനെ പ്രാപിച്ചിരിക്കുന്നതിനാൽ ദൈവത്തിന്റെ മഹത്വം തങ്ങളിൽ പ്രാപിച്ചിരിക്കുന്നു. അവരുടെ പുറമെ ഏറ്റവും സമീപത്തായുണ്ടായിരുന്ന യേശു ഇപ്പോൾ അവരുടെ അകത്ത് വസിക്കുകയാണ്.

ക്രിസ്തുവിന്റെ ആത്മാവ് ജീവനും ശുദ്ധീകരണത്തിന്റെ ശക്തിയുമായി അവരിലേയ്ക്ക് വന്നു.

ഇത് ആദ്യത്തേതും പ്രധാനപ്പെട്ടതുമായ അനുഗ്രഹമാണ്. ഒരു കാര്യമാണ് എനിക്ക് ഇതിൽ പരാമർശിക്കാനുള്ളത്. പലപ്പോഴും അവരുടെ അഹങ്കാരം നിമിത്തം കർത്താവിന് അവരെ ശാസിക്കേണ്ടി വന്നു എന്ന കാര്യം നമുക്കറിയാം. താഴ്മ ധരിക്കുവാൻ അവരെ പ്രബോധിപ്പിച്ചു. തന്റെ ഭൗമിക ജീവിതത്തിലെ അവസാന അത്താഴത്തിൽ പോലും തങ്ങളിൽ ആരാണ് വലിയവൻ എന്ന മത്സര ചിന്തയുണ്ടായി. (ലൂക്കൊ. 22:24).

പുറത്തു നിന്ന് പുറമേ പഠിപ്പിക്കുന്ന യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകൾക്ക്, അവർ പരിചയിച്ചിരിക്കുന്ന അകത്ത് വസിക്കുന്ന പാപങ്ങളെ വീണ്ടെടുക്കുവാൻ പര്യാപ്ത മായിരുന്നില്ല. അത് സാധിച്ചെടുക്കുന്നത് അകത്ത് വസിക്കുന്ന ക്രിസ്തുവിലൂടെയാണ്. യേശുക്രിസ്തു പരിശുദ്ധാത്മാവിൽ അവരിലേയ്ക്ക് വന്നപ്പോൾ മാത്രമാണ് അവരിൽ പൂർണ്ണമായി മാറ്റമുണ്ടായത്. തന്റെ സ്വർഗ്ഗീയമായ താഴ്മ.യിലും പിതാവിനോടുള്ള തന്റെ വിധേയത്വത്തിലും മറ്റുള്ളവർക്കു വേണ്ടിയുള്ള തന്റെ സ്വയത്യാഗത്തിലും അവർ അവനെ അവരുടെ ജീവിതത്തില്ക്ക് സ്വീകരിച്ചു. ആ സ്വഭാവം ഏറ്റെടുക്കാൻ തയ്യാറായി. എല്ലാം ആകെ മാറി. ആ നിമിഷം മുതൽ അവർ ആത്മാവിനാൽ താഴ്മയും വിനയവുമുള്ള യേശുവിന്റെ ജീവിതത്തോട് ഇഴുകിച്ചേരുവാൻ തുടങ്ങി.

യഥാർത്ഥ വിശുദ്ധീകരണത്തിനും പാപത്തെ അതിജീവിക്കുന്ന ഒരു ജീവിതത്തിൽ ആത്മനിറവില്ലാതെ മറ്റൊരു വഴിയില്ല. ധാരാളം സുവിശേഷകന്മാരും വിശ്വാസികളും അവരുടെ ജീവിതത്തിൽ സൂക്ഷിക്കുന്നത്, പുറമേ ക്രൂശിലോ സ്വർഗ്ഗത്തിലോ ഉള്ള യേശുവിനെയാണ്. പെന്തെക്കോസ്തിൻ അനുഭവത്തിലൂടെയാണ് അവിടുന്ന് നമ്മിൽ വസിക്കുന്നതും പ്രവർത്തിക്കുന്നതും എന്ന് മനസ്സിലാവാതെയാണ് പുറത്തു വസിക്കുന്ന പുറമേ പഠിപ്പിക്കുന്ന യേശുവിനെ അന്വേഷിക്കുന്നത്. ആ കാരണത്താൽ വിശുദ്ധിയിൽ ചെറിയ വളർച്ച ഉണ്ടാവുകയും ചെയ്യുന്നു. ദൈവപുത്രനായ ക്രിസ്തുവാണ് നമ്മെ വിശുദ്ധീകരിച്ചത്? ക്രിസ്തുവിൽ വസിക്കുന്ന അല്ലെങ്കിൽ ക്രിസ്തു നമ്മിൽ വസിക്കുന്ന അനുഭവത്തിലൂടെയല്ലാതെ വിശുദ്ധീകരണം നടക്കുക സാദ്ധ്യമല്ല (1കൊരി. 1:30).

ദൈവസ്നേഹത്തലാലുള്ള ഹൃദയത്തിന്റെ ഒരു കവിഞ്ഞൊക്ക്

ഇതും പെന്തെക്കോസ്തു അനുഭവത്തിന്റെ ഒരു ഭാഗമാണ്. അടുത്തതായി അഹങ്കാരം, സ്നേഹമില്ലായ്മ തുടങ്ങിയവയുടെ പേരിൽ യേശു പലപ്പോഴും തന്റെ ശിഷ്യന്മാരെ ശാസിച്ചിട്ടുണ്ട്. ഈ രണ്ട് പാപങ്ങളും കാര്യത്തിൽ ഒന്നാണ് ഒരേ ലക്ഷ്യമാണ്. ഞാൻ എന്ന ഭാവവും, സ്വയമായി തൃപ്തിപ്പെടുത്താനുള്ള ആഗ്രഹവും എന്നാൽ പുതിയ കല്പന അവർക്കു കൊടുത്തത് അവർ യേശുവിന്റെ ശിഷ്യരായിരിക്കണമെങ്കിൽ പരസ്പരം സ്നേഹിക്കണം എന്നാണ് (യോഹ. 13:35).

പെന്തെക്കോസ്തു നാളിൽ തന്റെ പ്രിയപ്പെട്ടവരുടെ മേൽ പകർന്ന ദൈവകൃപ എത്ര മഹത്വകരമായതാണ്. വിശ്വസിച്ചവരുടെ കൂട്ടം ഒരു ഹൃദയവും ഒരു മനസ്സും ഉള്ളവരായിരുന്നു. അവർ നേടിയതെല്ലാം പൊതുവെന്ന് എണ്ണി. ഒരുവനും, ഒന്നും തനിക്ക് സ്വന്തം എന്ന് പറഞ്ഞില്ല. ദൈവത്തിന്റെ രാജ്യം സ്നേഹത്തോടെ അവരിലേയ്ക്ക് വന്നു. ആത്മാവ്, സ്വഭാവക്രമം, അത്ഭുതകരമായ യേശുവിന്റെ സ്നേഹം, അവരെ നിറച്ചു കാരണം അവിടുന്നു തന്നേ അവരിലേയ്ക്ക് വന്നു.

എഫേസ്യ ലേഖനത്തിൽ അപ്പോസ്തലനായ പൗലൊസ് എഫേസ്യയിലുള്ള വിശ്വാസികൾക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ കർത്താവായ യേശു വസിച്ച് പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്ന സ്നേഹത്തിൽ വസിക്കുന്ന ഒരു ജീവിതം എത്ര അനുഗ്രഹിക്കപ്പെട്ടത് എന്നാണ് കാണാൻ കഴിയുന്നത്. അവർ പരിശുദ്ധാത്മാവിൽ “ ശക്തിപ്പെടേണ്ടതിനും അവരുടെ ഹൃദയങ്ങളിൽ ക്രിസ്തു വസിക്കേണ്ടതിനും പൗലൊസ് പ്രാർത്ഥിക്കുന്നു. എന്നിട്ട് താൻ കൂട്ടിച്ചേർക്കുന്നത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും വരം നൽകണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്ത് എന്ന് സകല വിശുദ്ധന്മാരോടുകൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാനിറവിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു” (എഫെ. 3:17-19).

ആത്മാവിലുള്ള നിറവും ക്രിസ്തുവിന്റെ വാസവും ഒരു ജീവിതത്തിൽ അതിന്റെ ഉറവിടവും, അതിന്റെ സന്തോഷവും, അതിന്റെ ശക്തിയും അതിന്റെ ഫലങ്ങളും ഉളവാക്കുന്നു. കാരണം ഉള്ളിൽ വസിക്കുന്ന ക്രിസ്തു തന്നെ സ്നേഹമാണ്. എത്ര അനുഗ്രഹകരമായിട്ടാണ് ദൈവസ്നേഹത്താൽ സഭകൾ നിറയപ്പെടുകയും സ്വർഗ്ഗീയമായ അനുഗ്രഹങ്ങൾ പ്രാപിച്ചിരിക്കുന്നു എന്ന് ലോകത്തെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നത്, ആത്മനിറവിൽ

(ശേഷം 6-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച)

സഭയ്ക്കു പെന്തിക്കോസ്തിന്റെ ശക്തിയാലുള്ള ഒരു പുതുക്കം ആവശ്യമായിരിക്കുന്നു.

നാം ഉറപ്പാക്കണം. അവ വറ്റി ഉണങ്ങിയവയല്ല. സഭയുടെ ശക്തി അപ്പോസ്തലിക കാലത്തിലേതു തന്നെയാണ്.

യേശുക്രിസ്തുവിന്റെ സഭ, സത്യത്തിന്റെ തൂണും അടിസ്ഥാനവും അതിന്റെ പൂർണ്ണ മഹത്വത്തിൽ വന്നു. ദൈവത്തിന്റെ നിഷ്കളങ്ക കത്തിന്റെ പ്രവർത്തി. എന്നാൽ അത് വേഗത്തിൽ സംഭവിച്ചു. അതിന്റെ മഹത്വം ഇരുണ്ടുപോയി. അതിന്റെ സൗന്ദര്യം കളങ്കപ്പെട്ടു. ഇത് ദൈവകരത്താൽ ശുദ്ധീകരണം വരേണ്ടതായ സമയം, കാഴ്ചപ്പാടും മര്യാദയും നഷ്ടപ്പെട്ടു. ആ സമയം പുതിയത് ഒന്ന് ആരംഭിക്കുന്നു, ആദ്യജാതന്മാരുടെ സഭയ്ക്ക് വേണ്ടത് പെന്തെക്കോസ്തിൽ നൽകപ്പെട്ടു.

ആദ്യസഭയുടെ വിജയത്തിന്റെ മഹത്തായ ചരിത്രം നാം വായിക്കുമ്പോൾ, ഏതെങ്കിലും ശക്തികൾക്ക് അതിന്റെ മഹത്വത്തെ മങ്ങലേല്പിക്കുവാൻ സാദ്ധ്യമുള്ളതല്ല. ലോകത്തെ കീഴ്മേൽ മറിക്കുന്ന ശക്തികൾ ശക്തമായ നിലയിൽ ദൈവസഭയ്ക്കെതിരെ പോരാടി നോക്കി. ഒന്നിനുപുറകെ ഒന്നായി പ്രശ്നങ്ങൾ അഴിച്ചുവിട്ടു. എന്നാൽ അവയെല്ലാം അതിജീവിച്ച് സഭ ഇന്നും തിളക്കത്തോടെ നില്ക്കുന്നു.

അപ്പോസ്തലപ്രവൃത്തിയിലെ ദൂത് എന്നത് സഭയുടെ എളിമത്വത്തെ ചൂണ്ടിക്കാണിക്കുന്നു. എന്നാൽ സഭയുടെ വിജയം എന്നത് ദൈവവചനത്താൽ സ്വാധീനിക്കപ്പെട്ട ഒരു കൂട്ടം ആളുകളുടെ ജീവിതം കൊണ്ട് വിളിച്ചു പറഞ്ഞ സുവിശേഷത്തിന്റെ പ്രഖ്യാപനമാണ്. ഞാൻ ആഴമായ പരീക്ഷണങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും അനുദിന ജീവിതാനുഭവങ്ങളിലൂടെയും തിരിച്ചറിഞ്ഞത്, സഭയുടെ ഇന്നത്തെ ആത്മികവും മാനസികവുമായ അവസ്ഥ പെന്തെക്കോസ്തിനു മുമ്പുള്ളതാണ്. ക്ഷീണിച്ച് തളർന്നിരിക്കുന്ന അവസ്ഥ.

നിശ്ചയമായും പെന്തെക്കോസ്തു എന്നത് ആത്മീക ലോകത്ത് ഒരു പുതിയ അദ്ധ്യായമായിരുന്നു. അത് ഒരു പുതിയ പുസ്തകത്തിന്റെ ആദ്യപേജായിരുന്നു. അത് പുസ്തകത്തെ ഇങ്ങനെ വിളിച്ചു, പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ അത് ഒരു പുതിയ തുടക്കമായിരുന്നു; ഒരു പുതിയ ആത്മീയ യുഗത്തിന്റെ തുടക്കം, ഒരു പുതിയ കൂട്ടായ്മ, ഒരു പുതിയ അധികാരം, ഒരു പുതിയശക്തി.

പഴയതു കഴിഞ്ഞപോയി, ഇതാ സകലവും പുതുതായി തീർന്നിരിക്കുന്നു!

ഈ പുതിയ ജീവിതം, ആളുകളുടെയിടയിൽ ഒരു പുതിയ കൂട്ടായ്മയുണ്ടാക്കി. ഒരു പുതിയ തലമുറ ക്രിസ്തുവിങ്കേയ്ക്കു വന്നു (1കൊരി. 12:13; 2കൊരി. 5:17; 1പത്രൊ. 2:9). അഭിഷേകത്താൽ ജ്വലിച്ചു, സുവിശേഷം പ്രസംഗിച്ചുകൊണ്ട് ദേശം മുഴുവനും സഞ്ചരിച്ചു., സുവിശേഷം പ്രസംഗിച്ചുകൊണ്ട് ദേശം മുഴുവനും സഞ്ചരിച്ചു (അപ്പോ. 8:4).

വളർച്ചയുടെ സുവിശേഷീകരണമായിരുന്നു അവരുടേത്. അവർക്ക് സുവിശേഷീകരണത്തിനായി അധികാരികളെയോ സ്ഥാപനങ്ങളെയോ സമീപിക്കേണ്ടിവന്നില്ല. നഷ്ടപ്പെട്ടവരെ സുവിശേഷീകരിക്കുന്നതിന് വിശ്വാസികളെ ബോധവൽക്കരിക്കുന്നതിനായി വലിയ മഹായോഗങ്ങളൊന്നും അവരുടെ ബുദ്ധിയിൽ വന്നില്ല.

ആത്മാവിനാൽ അവർ നിറയപ്പെട്ടു, ക്രിസ്തുവിന്റെ സ്നേഹത്താൽ നിറയപ്പെട്ടു, അവരെ കണ്ടെത്തിയ പുതിയ സന്തോഷത്താൽ അവർ പ്രേരിതിരായി, അവർ ക്രിസ്തുവിനായി വേല ചെയ്തു. ശ്വാസോച്ഛ്വാസംപോലെ അത് അവരുടെ ജീവിതത്തിന്റെ ഭാഗമായി, “ഞങ്ങൾ ക്കോ, ഞങ്ങൾ കണ്ടും കേട്ടുമിരിക്കുന്നത് പ്രസ്താവിക്കാതിരിപ്പാൻ കഴിയുന്നതല്ല ” (അ. പ്പൊ. 4:20).

അവരുടെ സന്തോഷവും ഉത്സാഹവും വലുതായിരുന്നു. അവരുടെ ശത്രുക്കൾ കൗൺസിൽ വിളിച്ചു. നമുക്കു എങ്ങനെ ഈ സുവിശേഷ പ്രവർത്തനത്തെ എതിർക്കാം (അപ്പൊ. 4:15-17).

എത്രമാത്രം അവരെ ഉപദ്രവിച്ചുവോ അത്രമാത്രം അവർ ശക്തിപ്പെടുവാനും ഇടയായി. പെട്ടെന്ന് അവർക്ക് ആ പേരുണ്ടായി. “ഭൂലോകത്തെ കലഹിപ്പിച്ചവർ ” (അപ്പൊ. 17:6).

അവർ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ജീവിച്ചു, പരിശുദ്ധാത്മാവിന്റെ ശക്തിയെ വെളിപ്പെടുത്തി, ആത്മശക്തിയിൽ പ്രസംഗിച്ചു. പരിശുദ്ധാത്മാവ് നൽകിയ കൊയ്ത്ത് അവർ കൊയ്തു.

ഇന്നത്തെ ക്രിസ്ത്യാനികൾക്ക് ആർക്ക് പറയാൻ സാദ്ധ്യമല്ല ഞങ്ങൾ അപ്പോസ്തലിക പ്രവർത്തനങ്ങളാണ് ചെയ്യുന്നതെന്ന്. നമ്മുടെ കൊട്ടാരസമമായ കെട്ടിടങ്ങൾ, നമ്മുടെ വർദ്ധിച്ച അംഗത്വം, ഉയർന്ന ശമ്പളമുള്ള നമ്മുടെ പാസ്റ്റന്മാർ, ലോകപ്രശസ്തരായ സുവിശേഷകന്മാർ, ഇവയൊന്നും അപ്പോസ്തലിക ശുശ്രൂഷകർക്ക് ഒരിക്കലും പകരമാവില്ല.

ആദിമ സഭയുടെ വിജയത്തിന് ഇവയൊന്നും ഉണ്ടായിരുന്നില്ല. ആദിമ വിശ്വാസികളെ ഇന്നത്തെ വിശ്വാസികളുമായി താരതമ്യം ചെയ്യുവാൻ കഴിയുന്നതല്ല. നുറുങ്ങിയ ഹൃദയത്തോടെ നാം ദൈവമുമ്പാകെ വീഴേണ്ടിയിരിക്കുന്നു.

ഈ അർദ്ധ രാത്രിയുടെ വേളയിൽ ഒരു കാഹളം ഊതപ്പെടേണ്ടിയിരിക്കുന്നു. ദൈവം നമ്മെ വിടുവിക്കേണ്ടിയിരിക്കുന്നു. പ്രിയ ദൈവപൈതലേ ഒരു ഉണർവ്വുണ്ടാകേണ്ടിയിരിക്കുന്നു. ഒരു ഉദ്ധാരണം ഒരു പുതുക്കം ആവശ്യമായിരിക്കുന്നു.

വിലാപങ്ങളിലുള്ള ദൈവത്തിന്റെ ചുരുങ്ങിയ ശേഷിപ്പ്, സീയോന്റെ അവസ്ഥയെക്കുറിച്ച് ചിന്തിക്കുമ്പോൾ അതിവേദനയോടെ കരയുന്നു, നീ സദാകാലത്തേയ്ക്കും ഞങ്ങളെ മറക്കുന്നതും, ദീർഘകാലം ഞങ്ങളെ ഉപേക്ഷിക്കുന്നതും എന്ത്? “ യഹോവേ, ഞങ്ങൾ മടങ്ങി വരേണ്ടതിന് ഞങ്ങളെ നിങ്കലേയ്ക്ക് മടക്കി വരുത്തേണമേ; ഞങ്ങൾക്ക് പണ്ടത്തെപ്പോലെ ഒരു നല്ലകാലം വരുത്തേണമേ” (വിലാ. 5:20,21).

മാനസാന്തരവും മനുഷ്യന്റെ ഗതികേടും

ലോകവ്യാപകമായി വിശുദ്ധന്മാർ മാനസാന്തരപ്പെടേണ്ടതായ ഗതികേടിലാണ് ആയിരിക്കുന്നത്. യഹോവേ ഞങ്ങൾ മടങ്ങിവരേണ്ടതിന് ഞങ്ങളെ മടക്കി വരുത്തേണമേ!

സഭ, ജീവനുള്ള വിശ്വാസത്തിന് കാഹളം മുഴുക്കേണ്ടവർ ജീവനില്ലാത്ത വിശ്വാസ പ്രമാണങ്ങൾ പിടിച്ചുകൊള്ളുവാൻ നിർബ്ബന്ധിതരായിരിക്കുന്നു. പുനരുത്ഥാനത്തിന് കാഹളം ഊതേണ്ടയിടത്ത് ശവക്കുഴികുഴിക്കുന്നവന്റെ ആയുധമായിത്തീർന്നിരിക്കുന്നു. “ മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ, നീയോ പോയി ദൈവരാജ്യം അറിയിക്ക ” (ലൂക്കൊ. 9:60).

ഈ പുസ്തകത്തിന്റെ ഓരോ പേജിലും ദൈവശക്തിയുടെ പ്രദർശനം കാണാം. ഓരോ അദ്ധ്യായത്തിലും, ഓരോ വാക്യത്തിലും, ഓരോ സംഭവത്തിലും

(ശേഷം 6-ാം പേജിൽ)

(5-ാം പേജിന്റെ തുടർച്ച)

സഭയ്ക്കു പെന്തിക്കോസ്തിന്റെ ശക്തിയാലുള്ള ഒരു പുതുക്കം ആവശ്യമായിരിക്കുന്നു.

ദൈവശക്തിയുടെ പ്രദർശനം കാണാം. സാക്ഷ്യം വഹിക്കുവാനുള്ള കഷ്ടത സഹിപ്പാനുള്ള മരിക്കുവാനുള്ള ദൈവശക്തി അവരുടെമേൽ ഉണ്ടായിരുന്നു.

വെൽഷ് ഉണർവ്വുകളിലെ വ്യക്തികളിരൊളായ ഇവാൻ റോബർട്ടിന്റെ അളിയനായ സിഡ്നി ഇവനാൻസിന്റെ വീട്ടിൽ ആയിരിക്കുമ്പോൾ ഞങ്ങൾ നേരിട്ട് 1904-ൽ ആത്മാവിന്റെ ശക്തിയേറിയ ആ പ്രവൃത്തിയെ കണ്ടു. ഈ സംഭവങ്ങളെക്കുറിച്ച് ആ കാലങ്ങളിൽ പൊതുവെ പറയുമായിരുന്നു. അത്ഭുതകരമായ ചിലത് സംഭവിച്ചിരിക്കുന്നു. അതെ, പരിശുദ്ധാത്മാവ് സഭയുടെ പ്രധാന ഭാഗം ഏറ്റെടുക്കുമ്പോൾ എപ്പോഴും സഭയിൽ അത്ഭുതകരമായി ചിലത് സംഭവിക്കും.

അപ്പോസ്തലന്മാരുടെ പ്രവൃത്തികൾ എന്നത് അപ്പോസ്തലിക സഭയിലെ ശക്തമായ അത്ഭുതങ്ങളായിരുന്നു. " എങ്കിലും തങ്ങളുടെ ദൈവത്തെ അറിയുന്ന ജനം ഉറച്ചു നിന്ന് വീര്യം പ്രവർത്തിക്കും " (ദാനി. 11:32).

അപ്പോസ്തല പ്രവൃത്തികളുടെ പുസ്തകം എന്നത് വലിയ ദൈവശക്തിയുടെയും ദൈവകൃപയുടെയും പ്രദർശനം ആണ്. (4:33) ഭയത്തിന്റെ പുസ്തകമായിരുന്നു. (5:11) അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും പുസ്തകമായിരുന്നു (6:8); വലിയ സന്തോഷം അവിടെ കാണാം; (8:8); കൊടിയ കഷ്ടതകളും അവിടെയുണ്ട് (9:16).

നാം ജീവിക്കുന്നത് അത്ഭുതകരമായ ഒരു കാലഘട്ടത്തിലാണ്. സാമുവൽ റൂതർ ഫോർഡ് പറയുന്നത് നിങ്ങൾ ആഴമായ ആത്മിക അനുഭവം ആഗ്രഹിക്കുന്നുവെങ്കിൽ ഞാൻ ശുപാർശ ചെയ്യുന്നു, പരിശുദ്ധാത്മാഭിഷേകം പ്രാപിക്കൂ. തടസവാദങ്ങൾ മാറ്റി വച്ചിട്ട് യഥാർത്ഥമായ ആത്മാഭിഷേകത്തെ അന്വേഷിക്കൂ.

പരിശുദ്ധാത്മാവിന്റെ ആളത്വത്തെ നിഷേധിക്കുന്നു.

അടുത്ത പാപം എന്നത് പരിശുദ്ധാത്മാവിന്റെ ആളത്വത്തെ നിഷേധിക്കുക എന്നതാണ്. സുവിശേഷവിഹിത കൂട്ടായ്മകളിൽ പോലും ആത്മാവിന്റെ അഭിഷേകത്തിനുപകരം പഠനത്തിനാണ് പ്രാധാന്യം കൊടുക്കുന്നത്.

ഞാൻ ദൈവത്തിന് നന്ദിയർപ്പിക്കുന്നത്, മികച്ച വിദ്യാഭ്യാസമുള്ള, അപ്പോസ്തലനായ പൗലൊസിനെപ്പോലെയുള്ള ആളുകൾ സഭകളിൽ പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിന് പ്രധാന സ്ഥാനം കൊടുത്തിരിക്കുന്നു.

പരിശുദ്ധാത്മാവിന്റെ ശക്തിയില്ലാതെ ഡിഗ്രികളിൽ ആശ്രയിക്കുന്നവർ ഡിഗ്രികളാൽ നശിക്കുന്നു. പൗലൊസിനെക്കുറിച്ച് പഠിക്കുമ്പോൾ തന്റെ ശുശ്രൂഷയുടെ പരമപ്രധാനമായ യോഗ്യതയെന്നുള്ളത് പരിശുദ്ധാത്മാവായിരുന്നു (അ. പ്ര. 9:15-17).

ലോകമയത്വം

മറ്റൊരു ഗുരുതരമായ പാപം എന്നത്, ലോകമയത്വം ആണ്. ഈ അന്ത്യകാലത്ത അനേക സുവിശേഷവേലക്കാരെ ലോകമയത്വം കടന്നു പിടിച്ചിരിക്കുന്നു. എത്ര അവിശുദ്ധമായ ഒരു ബന്ധം! ലോകത്തിന്റെ ഇമ്പങ്ങളിൽ നിന്നും നാം വിടുതൽ പ്രാപിച്ചിട്ടില്ല എങ്കിൽ ക്രിസ്തു മരിച്ചത് വ്യർത്ഥമായിപ്പോവുകയാണ്.

നാം ഒരു സഭയെക്കുറിച്ച് നിഷ്കളങ്കരായ ഒരു കൂട്ടം വിശ്വാസികൾ ഉണർവ്വിനു വേണ്ടി ദൈവമുഖം അന്വേഷിക്കുന്നു. പകുതി ആളുകൾ ലോകത്തിന്റെ ഉല്ലാസങ്ങളുമായി ബന്ധപ്പെട്ടിരിക്കുകയാണ്. ഈ അന്ത്യകാലത്ത് ശക്തന്മാരായ സുവിശേഷവേലക്കാരെ കർത്താവ് എഴുന്നേൽപിക്കട്ടെ. സത്യത്തിനു വേണ്ടി നില്പാൻ ദൈവം നമുക്കു കൃപനൽകട്ടെ. സുവിശേഷത്തിന്റെ കാഹളം ഊതുവാൻ ദൈവം നമുക്കു കൃപനൽകട്ടെ. " സമാധാനം ഇല്ലാതിരിക്കെ സമാധാനം സമാധാനം എന്ന് അവർ പറഞ്ഞു എന്റെ ജനത്തിന്റെ മുറിവിന് ലഘുവായി ചികിത്സിക്കുന്നു. മ്ലേച്ഛത പ്രവർത്തിച്ചതുകൊണ്ട് അവർ ലജ്ജിക്കേണ്ടി വരും. അവർ ലജ്ജിക്കയോ നാണം അറികയോ ചെയ്തിട്ടില്ല. അതുകൊണ്ട് വീഴുന്നവരുടെയിടയിൽ അവർ വീണുപോകും; ഞാൻ അവരെ സന്ദർശിക്കുന്ന കാലത്ത് അവർ ഇടറിവീഴും എന്ന് യഹോവയുടെ അരുളപ്പാട്. യഹോവ ഇപ്രകാരം അരുളിചെയ്യുന്നു. നിങ്ങൾ വഴികളിൽ ചെന്ന് നല്ല വഴി ഏതെന്ന് പഴയ പാതകളെ നോക്കി ചോദിച്ച് അതിൽ നടപ്പിൻ; എന്നാൽ നിങ്ങളുടെ മനസിന് വിശ്രാമം ലഭിക്കും " (യിരെ. 6:14-16).

ആത്മാവിനെ ഉപേക്ഷിക്കുന്നു

അക്ഷരീകമായി പരിശുദ്ധാത്മാവിനെ ഉപേക്ഷിക്കുന്നു! വ്യക്തമായ ജഡികത്വം ദൈവശക്തിയില്ലാതെ പോകുന്ന സഭ!

സഭാചരിത്രത്തിന്റെ ഏതൊരു കാലത്തും ഒരു ചെറിയ സമൂഹം പരിശുദ്ധാത്മാവിന്റെ കരങ്ങളിൽ ഏല്പിക്കപ്പെട്ടിട്ടുണ്ട്. അന്ന് ഒരു യഥാർത്ഥ പെന്തെക്കോസ്തു ഉദയം ചെയ്തു. ആത്മിക ശക്തിയോടെ നമുക്ക് മുന്നേറാം. ഭൂമിയുടെ അറ്റത്തോളം സുവിശേഷവുമായി പോകാം. സുവിശേഷം വിളിച്ചറിയിക്കാം. നമ്മുടെ സ്വന്ത അനുഭവങ്ങളിലൂടെ അത് പങ്കു വയ്ക്കാം,

❖

(4-ാം പേജിന്റെ തുടർച്ച)

പരിശുദ്ധാത്മാവിന്റെ മഹത്വകരമായ നിറവ്

ജീവിതവും ഹൃദയങ്ങളിൽ ക്രിസ്തുവിന്റെ വാസവും പിതാവിന്റെ വാഗ്ദത്തങ്ങളെ ഉറപ്പിക്കുകയുമാണ് ചെയ്യുന്നത്.

പരിശുദ്ധാത്മാവിന്റെ ആഗമനം ഭയവും ക്ഷീണവും അകറ്റി ധൈര്യവും ദൈവശക്തിയും പകർന്നു തന്നു.

നാം എല്ലാവരും അറിയുന്നതുപോലെ, ഒരു സ്ത്രീയുടെ മുമ്പിൽ ഭയപ്പെട്ട് പത്രോസ് യേശുവിനെ തള്ളിപറഞ്ഞു. ആ രാത്രിയിൽ തന്നെ ശിഷ്യന്മാർ യേശുവിനെവിട്ട് ഓടിപ്പോയി. യഥാർത്ഥത്തിൽ അവരുടെ ഹൃദയം ദൈവത്തോട് പറ്റിയിരുന്നതാണ് കല്പിക്കുന്നത് എന്തു ചെയ്യുവാനും അവനോടുകൂടെ മരിക്കുവാനും ഒരുക്കമായിരുന്നവരാണ്. എന്നാൽ പ്രതിസന്ധിഘട്ടത്തിൽ തങ്ങളുടെ ധൈര്യം ചോർന്നു പോയി ശക്തി നഷ്ടപ്പെട്ടുപോയി. " ഞാൻ ചെയ്വാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ; ഇച്ഛിക്കാത്ത തിന്മയത്രേ പ്രവർത്തിക്കുന്നത് -

" (റോമർ. 8:19).

പെന്തെക്കോസ്തു നാളിലെ ഉണർവ്വിനുശേഷം പ്രവർത്തിയെ സംബന്ധിച്ച് ഒരു ചതോദ്യം ഉദിക്കുന്നില്ല. ക്രിസ്തു നമ്മൽ വസിച്ചുകൊണ്ട് താൻ ഇച്ഛിക്കയും പ്രവർത്തിക്കയും ചെയ്യുന്നു (ഫിലി. 2:13). ഏത് ധൈര്യത്തിലാണ് പത്രോസ് പെന്തെക്കോസ്തു ദിവസത്തിൽ ആയിരക്കണക്കിന് യഹൂദന്മാരോട് ക്രൂശിക്കപ്പെട്ട യേശുവിനെ പ്രസംഗിപ്പാൻ ഇടയായത്. ഏത് ധൈര്യത്തിലാണ് യഹൂദന്മാരുടെ നേതാക്കന്മാരോട് സംസാരിപ്പാൻ കഴിഞ്ഞത്. "മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കേ

(ശേഷം 7-ാംപേജിൽ)

(6-ാംപേജിന്റെ തുടർച്ച)

പരിശുദ്ധാത്മാവിന്റെ മഹത്വകരമായ നിറവ്

ണ്ടതാകുന്നു ”. (അ.പ്ര. 5:29)

ഏതു ധൈര്യത്തിലും സന്തോഷത്തിലുമാണ്, സ്തേഫാനോസും പൗലൊസും മറ്റു പലരും ഭീഷണികളും കഷ്ടതകളെയും മരണത്തെയും തന്നെ ധൈര്യത്തോടെ നേരിടുവാൻ കഴിഞ്ഞത്. അവർ വിജയകരമായി ഇവ ചെയ്തു. ജയിച്ച ക്രിസ്തുവിന്റെ ആത്മാവിനാൽ, അതെ മഹത്വവാനായ ക്രിസ്തു അവരിൽ വസിച്ചു. പെന്തെക്കോസ്തനാളിലെ പരിശുദ്ധാത്മാവിന്റെ ശക്തിയും അനുഗ്രഹങ്ങളും യേശുവിനുവേണ്ടി സംസാരിക്കുവാൻ അവർക്ക് ധൈര്യവും ശക്തിയും കൊടുത്തു, കാരണം യേശു അവരിൽ വസിച്ചുകൊണ്ട് പ്രവർത്തിച്ചു.

പെന്തെക്കോസ്തിന്റെ അനുഗ്രഹങ്ങൾ മുഴുദൈവവചനത്തെയും പുതുതാക്കിത്തീർത്തു.

എത്ര വ്യത്യസ്തമായ പ്രവർത്തികളാണ് ശിഷ്യന്മാരിൽ നാം കാണുന്നത്. ആ കാലത്തിലുള്ള സകല യഹൂദന്മാരും, മശിഹായെക്കുറിച്ചും, ദൈവരാജ്യത്തെക്കുറിച്ചും ഉള്ള അവരുടെ ചിന്താഗതികൾ പുറമേയുള്ളവയും ജഡികവുമാണ്. മൂന്നു വർഷത്തെ പഠനങ്ങൾ അവരുടെ ചിന്താഗതികളെ വ്യത്യാസപ്പെടുത്തിയില്ല. ഒരു അദൃശ്യമായ ആത്മികരാജ്യത്തെക്കുറിച്ചോ മാനവജാതിയ്ക്കുവേണ്ടി കഷ്ടം സഹിക്കുന്ന ഒരു മശിഹായെ സംബന്ധിച്ച ഉപദേശമോ അവർക്ക് ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ല. യേശുവിന്റെ ഉയിർത്തെഴന്നേല്പിനുശേഷം പോലും അവരുടെ അവിശ്വാസം സംബന്ധിച്ചും ദൈവവചനം വേണ്ടുംവണ്ണം ഗ്രഹിക്കാൻ കഴിയാത്തതിനെക്കുറിച്ചും ശാസിക്കുന്നു.

എന്നാൽ പെന്തെക്കോസ്തുനാളോടുകൂടെ അതിന് വ്യത്യാസം വന്നു. പഴയ തിരുവെഴുത്തുകൾ തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ് തിരുവെഴുത്തുകളെ പ്രകാശിപ്പിച്ചു. പത്രോസിന്റെയും സ്തേഫാനോസിന്റെയും പ്രസംഗങ്ങളിൽ, പൗലൊസിന്റെയും യാക്കോബിന്റെയും വാക്കുകളിൽ ദൈവികമായി വെളിച്ചമാണ് പഴയനിയമ വചനങ്ങളുടെമേൽ പ്രകാശിച്ചത്. ക്രിസ്തുവിന്റെ ആത്മാവിനാൽ അവയിൽ മറഞ്ഞിരുന്ന മർമ്മങ്ങൾ അവർക്കു വെളിപ്പെടുകയാണുണ്ടായത്.

അത് ഇന്നും നമ്മോട് സംസാരിക്കുന്നു. ആ തിരുവചനങ്ങളെ നാം പഠിക്കയും, ധ്യാനിക്കയും നമ്മുടെ ബുദ്ധിയിലും ഹൃദയത്തിലും അനുദിന ജീവിതത്തിലും പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതാണ്. തുടർച്ചയായി നാം അത് ധ്യാനിക്കയും പരിശുദ്ധാത്മാവിന്റെ നിറവിലൂടെ മാത്രമേ ശരിയായും പൂർണ്ണമായും ദൈവവചനത്തിന്റെ സത്യത്തെയും ശക്തിയെയും നമുക്ക് രുചിച്ചറിയാൻ കഴിയൂ എന്ന് വിശ്വസിക്കയും ചെയ്യുക. അവിടുന്ന് സത്യത്തിന്റെ ആത്മാവാണ് “അവിടുന്ന് മാത്രമാണ് നമ്മിൽ വസിച്ച് സത്യത്തിലേയ്ക്ക് നമ്മെ വഴി നടത്തുന്നത് ” (യോഹ. 14:7; 16:13).

പെന്തെക്കോസ്തിന്റെ അനുഗ്രഹം മറ്റുള്ളവരെ അനുഗ്രഹിപ്പാൻ നമ്മെ ശക്തീകരിക്കുന്നു.

ഉയിർത്തെഴുന്നേറ്റ യേശുവിലൂടെ വ്യാപരിക്കുന്ന ദൈവശക്തി ദൈവവചനം പ്രസംഗിക്കുവാൻ വിളിച്ച് നിയോഗിക്കപ്പെട്ട തന്റെ ദാസന്മാരാൽ മാനസാന്തരവും പാപക്ഷമയും നൽകപ്പെടുന്നു. ക്രിസ്തുവിലൂടെയുള്ള മാനസാന്തരവും പാപക്ഷമയും പ്രസംഗിക്കുന്ന സുവിശേഷത്തിന്റെ ഒരു ശുശ്രൂഷകൻ, ഈ യേശുവിന്റെ ആത്മാവിന്റെ ശക്തിയാൽ തന്റെ പ്രവൃത്തി ചെയ്യേണ്ടതാണ്.

മാനസാന്തരത്തിനും പാപക്ഷമയ്ക്കും വേണ്ടിയും മിക്ക പ്രസംഗങ്ങളും ഫലവത്താകാത്തിന്റെ കാരണം ഈ യാഥാർത്ഥ്യങ്ങൾ ഉപദേശ സംഹിതകളായി മാത്രം ശേഷിക്കുന്നു എന്നതാണ്. തങ്ങളുടെ ജനത്തിൻ ഒരു ഉണർവ്വ് ഉണ്ടാക്കിയെടുക്കാൻ വളരെയധികം പ്രയത്നിക്കുന്നുണ്ടെങ്കിലും കാര്യമായ പരിണതഫലം കാണുന്നില്ല.

ആത്മാവിൽ നിറയുക എന്നത് പ്രധാന വിഷയമായി ഏറ്റെടുത്തിരിക്കുന്ന ഒരുവൻ, തന്നിൽ വസിക്കുന്ന മഹത്വീകരിക്കപ്പെട്ട കർത്താവ് തന്നിലൂടെ സംസാരിപ്പാനും പ്രവർത്തിപ്പാനും വിശ്വാസത്തോട ഏല്പിച്ചുകൊടുക്കുന്നവൻ ശുശ്രൂഷയിൽ അനുഗ്രഹിക്കപ്പെടും. ഒരു ശുശ്രൂഷകൻ കർത്താവിന്റെ പ്രവൃത്തിക്ക് ഇടം കൊടുക്കുമ്പോൾ നിശ്ചയമായം ദൈവത്തിന്റെ അനുഗ്രഹം തന്റെ ജനത്തിലൂടെ കാണും. അതുപോലെ പ്രസംഗത്തിലും തന്റെ അനുദിന ജീവിതത്തിലും ക്രിസ്തുവിന്റെ ഒരു ശുശ്രൂഷകൻ പെന്തെക്കോസ്തിന്റെ സമ്പൂർണ്ണ അനുഗ്രഹങ്ങൾക്കായി വിധേയപ്പെടുമ്പോൾ അവൻ ശക്തമായി ഉപയോഗിക്കപ്പെടും, മറ്റുള്ളവരെ അനുഗ്രഹിക്കാനായി അനുഗ്രഹിക്കപ്പെടും. “എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്തുകൾ പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് വിളിച്ചു പറഞ്ഞു” (യോഹ. 7:38), ഇത് പരിശുദ്ധാത്മാവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഒരു ഹൃദയം ആത്മനിറവിനുവേണ്ടി ഏല്പിച്ചാൽ അതു കവിഞ്ഞൊഴുകും.

പെന്തെക്കോസ്തിന്റെ അനുഗ്രഹം ക്രിസ്തുവിന്റെ സഭയെ അവൾ എന്തായിരിക്കണം എന്ന് കർത്താവ് ആഗ്രഹിക്കുന്ന നിലയിൽ അതിനെ രൂപാന്തരപ്പെടുത്തും.

നാം ഇതുവരെ കണ്ടത് പരിശുദ്ധാത്മാവ് വ്യക്തികളിൽ ചെയ്യുന്ന പ്രവൃത്തികളെക്കുറിച്ചാണ്. ഓരോ വ്യക്തികളും പെന്തെക്കോസ്തിന്റെ അനുഗ്രഹം പ്രാപിച്ചാൽ ആ സഭയ്ക്കുണ്ടാകുന്ന ആത്മികാനുഗ്രങ്ങളെ കൂടെ ചിന്തിക്കേണ്ടതുണ്ട്. ആത്മാവിൽ ജീവിതം അതിന്റെ ശക്തിയെ വെളിപ്പെടുത്തും. അതെ, ആ ദൈവസാന്നിദ്ധ്യം, ലോകത്തിന് വെളിപ്പെടുത്തും. നാം ഓരോരുത്തൻ നമ്മുടെ വ്യക്തിപരമായി മാത്രം അതിനെ അന്വേഷിക്കാതെ, ആ ദൈവശക്തിയാൽ പൂർണ്ണമായി നിറഞ്ഞ് മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാൻ നാം അന്വേഷിക്കേണ്ടതാണ്. ക്രിസ്തുവിന്റെ ശരീരമായ സഭ ആ നിറവ് പ്രാപിക്കുന്നതുവരം മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാൻ സാദ്ധ്യമല്ല.

“ ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ അവയവങ്ങൾ ഒക്കെയും കഷ്ടം അനുഭവിക്കുന്നു ” (1കൊരി. 12:26) ഈ യാഥാർത്ഥ്യം ഉൾക്കൊള്ളാതെ ക്രിസ്തുവിന്റെ സഭയിലെ ആളുകൾ പരസ്പരം മത്സരിക്കുന്നുഎങ്കിൽ, മുഴു സഭയും കഷ്ടത്തിലാവും. വ്യക്തിപരമായ ശിഷ്യന്മാരിൽ പോലും അനുഗ്രഹം പൂർണ്ണമായി വെളിപ്പെടുകയില്ല. നാം പ്രാപിക്കുന്ന ദൈവിക അനുഗ്രഹങ്ങൾ നമുക്കു മാത്രമല്ല, സഭയിൽ മുഴുവനായും നമ്മുടെ അയൽക്കാർക്കും മാത്രമല്ല മുഴു ലോകത്തിനും പ്രയോജനപ്പെടുന്നു എന്ന് നാം ഉറപ്പാക്കേണ്ടതാണ്.

ഒടുവിലായി, നമുക്ക് ആ പെന്തെക്കോസ്തു ദിവസത്തിന്റെ പ്രഭാതത്തെ സ്വാഗതം ചെയ്യാം. യരുശലേമിലെ ആ കൂട്ടായ്മയിൽ, ആ ക്രിസ്തീയ കൂടിവരവിൽ,

(ശേഷം 8-ാംപേജിൽ)

(കഴിഞ്ഞ ലക്കം തുടർച്ച)

എല്ലാ പാപവും ദൈവത്തിന് എതിരാണ്.

നിങ്ങൾ തന്നെയാണ് അതിന്റെ കാരണക്കാർ. ദൈവത്തിന്റെ ദൃഷ്ടിയിൽ നിങ്ങളുടെ പാപങ്ങൾ അതികഠിനമായിരുന്നു, അതുകൊണ്ട് തന്റെ ഓമനപുത്രനെ നമുക്കു പകരമായി മരിക്കുവാൻ ലോകത്തിലേയ്ക്ക് അയച്ചു തന്നു. നിന്റെ പാപത്തിന്റെ പരിഹാരത്തിനായി കഷ്ടപ്പെടുവാനും മരിക്കുവാനും യേശു ലോകത്തിലേയ്ക്ക് വന്നു വിശ്വസിക്കുവാനും അനുതപിപ്പാനും കഴിയുമോ?

യഥാർത്ഥ വേദപുസ്തക മാനസാന്തരം

തന്റെ പാപത്തെക്കുറിച്ച് അനുതപിക്കയും യേശു എന്റെ പാപത്തിന്റെ പരിഹാരമായ ദൈവത്തിന്റെ കുഞ്ഞാട് എന്ന് അംഗീകരിക്കയും ചെയ്യുമ്പോൾ ഒരു വലിയ ചോദ്യം അവിടെ ഉദിക്കുന്നു. എന്ത് പ്രതികരണമാണ് ദൈവത്തോട് ഞാൻ ചെയ്യേണ്ടത്? ഒരു സാധാരണ നന്ദിയർപ്പണം മതിയാവുമോ? കുറച്ച് സ്വർണ്ണമോ വെള്ളിയോ കൊടുത്താൽ മതിയാനുമോ? ചാരിറ്റി പ്രവർത്തനങ്ങൾപോലെയുള്ള മാർഗ്ഗങ്ങളിലൂടെ കുറച്ച് പണം ചെലവാക്കിയാൽ മതിയാകുമോ? ഇവയൊന്നും നമ്മുടെ പാപത്തിന്റെ പരിഹാരത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച ദൈവത്തിന് കൊടുപ്പാൻ മതിയാവുന്നതല്ല. നിങ്ങളുടെ പാപം നിമിത്തം നിത്യമായ മരണത്തിന് നാം പാത്രീഭൂതരായിത്തീർന്നു, എന്നാൽ യേശു നമുക്കു പകരമായി മരിച്ചു. പാപം അറിയാത്തവൻ മുക്കുവേണ്ടി പാപമായിത്തീർന്നു. പാപമില്ലാത്തവനായി ദൈവത്തിന്റെ കുഞ്ഞാട് നിങ്ങളുടെ പാപം ചുമലിലേറ്റികൊണ്ട് കാൽവറിയിൽ കഷ്ടം സഹിച്ചു. അവിടുത്തെ ജീവനെ നിങ്ങൾക്കു വേണ്ടി തന്നു. നമ്മുടെ ജീവനുപകരം അവിടുത്തെ ജീവനെകൊടുത്തു. ദൈവപുത്രന്റെ ജീവൻ ഏറ്റവും നികൃഷ്ടരായ പാപികൾക്കുവേണ്ടി കൊടുത്തു. ആ യാഗത്തെക്കുറിച്ചുള്ള നിങ്ങളുടെ പ്രതികരണം എന്താണ്? നിങ്ങളുടെ ജീവിതത്തെ അവിടുത്തേയ്ക്കു വേണ്ടി കൊടുക്കുക എന്ന ഒരു പോംവഴിയേയുള്ളൂ, അതാണ് യഥാർത്ഥ വേദപുസ്തകമാനസാന്തരം.

മാനസാന്തരം എന്നത് അനേക കാര്യങ്ങളിൽ നിന്നും തെരഞ്ഞെടുക്കേണ്ടതായ കാര്യമല്ല. മാനാസന്തരം എന്നത് നിർജ്ജീവ പ്രവർത്തികളിൽ നിന്നും പാപത്തിൽ നിന്നും വിട്ടുതിരിയുവാനുള്ള ഒരു വേദപുസ്തക ആഹ്വാനമാണത്. നിങ്ങൾ യഥാർത്ഥമായി മാനസാന്തരപ്പെട്ട ആളാണോ? നിങ്ങളുടെ മാനാസന്തരം പ്രത്യക്ഷമാണോ? നിങ്ങളുടെ മാനസാന്തരത്തെ ദൈവം അംഗീകരിച്ചിരിക്കുന്നുവോ?

ഉണർവ്വ് വെളിപ്പെടുവാനുള്ള ഏറ്റവും ശ്രേഷ്ഠമായ വഴി അതാണ്. അനുതാപമില്ലെങ്കിൽ, പറക്കാൻ വേണ്ടി രൂപകല്പന ചെയ്യപ്പെട്ട ക്രിസ്തുവിന്റെ ശരീരം ഇഴഞ്ഞു മുടന്തി നടക്കുകയാണ്. ശക്തിയോടെ മുന്നേറാൻ വേണ്ടി വിളിക്കപ്പെട്ടത് ഇഴയുകയാണ്. ആത്മാവിന്റെ കാറ്റിനനുസരിച്ച് പറക്കേണ്ടത് അതിന്റെ മുന്നേറ്റം ഇടമുറിയുകയാണ്. ❖

(7-ാംപേജിന്റെ തുടർച്ച)

പരിശുദ്ധാത്മാവിന്റെ മഹത്വകരമായ നിറവ്

നൂറ്റി ഇരുപതു പേർ, അവർ മിക്കവരും സാധാരണക്കാർ, പഠിപ്പില്ലാത്ത മീൻ പിടിത്തക്കാർ, താഴ്മയുള്ള കുറെ സ്ത്രീകൾ, പറയത്തക്ക യോഗ്യതകൾ ഇല്ലാത്തവരും, വെറുക്കപ്പെട്ടവരുമായ ഒരു കൂട്ടം. അവരെക്കൊണ്ടാണ് ദൈവരാജ്യം പ്രഖ്യാപിക്കപ്പെട്ടത്. വിശാലമായത്, ലോകത്തിൽ സാക്ഷിക്കപ്പെട്ടത്. അവരിലൂടെയും, അവരോട് കൂട്ടിച്ചേർക്കപ്പെട്ടവരും യഹൂദമതത്തിന്റെയും ജാതീയശക്തികളുടെയും എതിർപ്പുകളെ അതിജീവിച്ച് മഹത്വകരമായ വിജയം നേടി.

ഈ മഹത്വകരമായ വിജയം അവർക്ക് നേടുവാൻ കഴിഞ്ഞത്,. ആദിമ സഭ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു എന്നതിനാലാണ്. ഓരോ അംഗങ്ങളും തങ്ങളെത്തന്നെ അവർ ദൈവത്തിന് കൊടുത്തു. പരിശുദ്ധാത്മ നിറവിനായി അവർ ജാഗരിക്കയും ഏല്പിച്ചുകൊടുക്കയും ചെയ്തു, പരിശുദ്ധാത്മാവിനാൽ മാത്രം ഭരിക്കപ്പെടുകയും ഉപയോഗിക്കപ്പെടുകയും ചെയ്തു. ദൈവശക്തിയുടെ ആയുധങ്ങളായി അവർ തങ്ങളെത്തന്നെ ഏല്പിച്ചു. പരിശുദ്ധാത്മാവ് അവരിൽ വസിച്ച് അവരെ രൂപാന്തരപ്പെടുത്തി തന്റെ അത്ഭുതകരമായ പ്രവർത്തി ചെയ്തു.

ഇതേ അനുഭവമാണ് ഇന്നത്തെ സഭയും അനുഭവമാക്കേണ്ടത്. ആ അനുഭവങ്ങളിലേയ്ക്ക് നാം മടങ്ങിപോകേണ്ടിയിരിക്കുന്നു. ജാതികളുടെയും സാമൂഹ്യ വിരോധികളുടെയും പാപത്തിന്റെയും സ്വാധീനമുള്ള ലോകത്തിൽ നിലനിൽപിനായി മറ്റൊരു വഴിയില്ല. സഭ പരിശുദ്ധാത്മാവിനാൽ നിറയപ്പെടേണ്ടതാണ്.

ആവശ്യമായ ഒരു കാര്യം

പ്രിയ കൂട്ടുവിശ്വാസികളേ ഈ വിളി നിങ്ങൾക്ക് വേണ്ടിയുള്ളതാണ്. അല്പമേ വേണ്ടൂ, അല്ല, ഒന്നുമതി (ലൂക്കോ. 10:42). നിങ്ങളുടെ വ്യക്തി ജീവിതത്തിലും, കർത്താവിന്റെ മുഴു സഭയ്ക്കും ഈ ഒരു കാര്യം ആവശ്യമാണ്. നാം പരിശുദ്ധാത്മാവിനാൽ നിറയപ്പെടണം. അത് വെറും തോന്നലുകളല്ല, മനസിലാക്കി ഉറപ്പു വരുത്തണം. അന്വേഷിച്ചു കണ്ടെത്തണം. ദൈവത്തിനായി കാത്തിരിക്കുന്നവനുവേണ്ടി അവിടുന്ന് വൻ കാര്യങ്ങൾ ചെയ്യും.

ആ സന്തോഷം നിങ്ങൾ രുചിച്ചറിയുന്നു എങ്കിൽ, യേശു ജീവിതത്തിൽ വസിക്കുന്ന അനുഗ്രഹിക്കപ്പെട്ട അനുഭവം പ്രാപിച്ചിരിക്കുന്നു എങ്കിൽ, വിശുദ്ധീയുടെയും താഴ്മയുടെയും ആത്മാവ്, സ്നേഹത്തിന്റെയും താഴ്മയുടെയും ആത്മാവ്, ധൈര്യത്തിന്റെയും ശക്തിയുടെയും ആത്മാവ് സ്വാഭാവികമായും തുടർച്ചയായും നമ്മുടെ സ്വന്തമായിത്തീരും. ദൈവത്തിന്റെ വചനം നിങ്ങളിൽ വെളിച്ചവും ശക്തിയുമായിരിക്കുന്നു എങ്കിൽ, അത് മറ്റുള്ളവർക്ക് പ്രയോജനമുള്ളത് ആയിരിക്കുന്നു എങ്കിൽ, സഭ ദൈവത്തിനുവേണ്ടി പോർക്കളത്തിൽ നില്ക്കുന്നു എങ്കിൽ നിങ്ങൾ പാപത്തിൽ നിന്നും അകന്നിരിക്കും. ദുഷ്ടതയെ നിങ്ങളുടെ ഹൃദയത്തിൽ നിന്നും എറിഞ്ഞുകളയും, നിങ്ങളുടെ ആഗ്രഹം ഈ ഒരു കാര്യത്തിൽ ഉറപ്പിക്കുക. ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരായിരിക്കും. പരിശുദ്ധാത്മാവിനാൽ നിറയുന്നത് നിങ്ങളുടെ ആവശ്യമായി പരിഗണിക്കും. വിശ്വാസത്താൽ അതിനെ പിടിച്ചുകൊള്ളാം. അത് നിശ്ചയമായി നിങ്ങൾക്ക് നൽകപ്പെടും. ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975